# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2756 19/12/2012 ൽ മറുപടിയ്ക്ക്

## പട്ടികജാതി സമുദായത്തിൽപ്പെട്ടവർക്കുള്ള ഗ്രാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി സമുദായത്തിൽപ്പെട്ട വർക്ക് നൽകുന്ന വിവിധ ഗ്രാന്റുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്ന തിന് സത്വര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) 2011-12 വർഷങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഭവന നിർമ്മാണ ധനസഹായം, ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി, വിവാഹ ധനസഹായം, മിശ്ര വിവാഹ ധനസഹായം എന്നിവ കാലോചിത മായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>1) **വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**<br>പട്ടികജാതി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ മൂന്നുവർഷം കൂടുമ്പോഴാണ് വർദ്ധിപ്പിച്ച് നൽകു ന്നത്. ഫെബ്രുവരി 2008 മുതൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 11/01/2012 ലെ സ.ഉ(കൈ) നം.6/12/പജപവവിവ. ഉത്തരവു പ്രകാരം 01/06/2012 മുതൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.<br>2) **ഭവന നിർമ്മാണ ധനസഹായം**<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരെ പുനരധിവസിപ്പിക്കു ന്നതിന് വേണ്ടി 2011-12 വർഷം മുതൽ ഭവന നിർമ്മാണ ധനസഹായം ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് 100 |

ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ കുറഞ്ഞത് 25 വർഷമെങ്കിലും കാലപഴക്കമുള്ള വീടുകൾക്ക് ഒരു മുറി കൂടി പണിയുവാൻ 1 ലക്ഷം രൂപ അനുവദിക്കുന്ന പ്രോജക്ട് അടുത്ത വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3) **ഭൂരഹിതർക്ക് ഭൂമി**

ഭൂരഹിതരായ പട്ടികജാതി കുടുംബാംഗങ്ങൾക്ക് ഭൂമി വാങ്ങാനുള്ള ധനസഹായം 100% വർദ്ധിപ്പിച്ചു. പട്ടികജാതി വിഭാഗങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 75000/- രൂപയിൽ നിന്ന് 1.50 ലക്ഷം രൂപയായും മുനിസിപ്പൽ പ്രദേശത്ത് 90,000/- രൂപ എന്നത് 1,75,000/- രൂപയായും കോർപ്പറേഷൻ മേഖലയിൽ 1 ലക്ഷം രൂപ 2 ലക്ഷമായും സർക്കാർ ഉത്തരവ് (കൈ)നം.87/2011/പജപവവിവ. തീയതി 25/08/2011 പ്രകാരം വർദ്ധിപ്പിച്ചു.

4) **വിവാഹധനസഹായം**

19/09/2012 ലെ സർക്കാർ ഉത്തരവ്(കൈ)നം. 125/12/ പജപവവിവ. പ്രകാരം പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം 20,000/- രൂപയിൽനിന്ന് 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 50,000/- രൂപയാക്കിയും ഉയർത്തിയിട്ടുണ്ട്.

5) **ചികിത്സാ ധനസഹായം**

20/09/2012 ലെ സർക്കാർ ഉത്തരവ് (കൈ)നം.128/12/ പജപവവിവ. പ്രകാരം ചികിത്സാ ധനസഹായം 50,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷിക്കുന്നതിനുള്ള വരുമാന

| | | | |
|---|---|---|---|
| | | | പരിധി 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മാരകരോഗം ബാധിച്ച നിർദ്ധനരായ രോഗികൾക്ക് ധനസഹായം ഒരു ലക്ഷം രൂപയായി മേൽ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിക്കുന്ന തുക ബന്ധപ്പെട്ട രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിക്ക് നേരിട്ട് നൽകുന്നതാണ്.<br><br>6) **<u>മിശ്ര വിവാഹധനസഹായം</u>**<br><br>01/06/2009 മുതൽ മിശ്ര വിവാഹധനസഹായം 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റ് വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം വർദ്ധിപ്പിച്ച തുക നൽകേണ്ടി വന്നതിനാൽ ഫണ്ടിന്റെ ലഭ്യതയിൽ കുറവുണ്ടായിരുന്നു. ആയത് പരിഹരിച്ച് മുഴുവൻ കുട്ടികൾക്കും തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ